# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ഇന്ദിര ആവാസ് യോജന ഭവന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2458 | 07-10-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പൂർത്തികരിക്കാനുള്ള വിട്ടുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പൂർത്തികരിക്കാനുള്ള വിട്ടുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ കൊടുക്കുന്നു |

| ക്രമ നം | ജില്ലയുടെ പേര് | വർഷം | | |
|---|---|---|---|---|
| | | 2013-14 | 2014-15 | 2015-16 |
| 1 | തിരുവനന്തപുരം | 130 | 403 | 1756 |
| 2 | കൊല്ലം | 217 | 538 | 2069 |
| 3 | പത്തനംതിട്ട | 165 | 279 | 971 |
| 4 | ആലപ്പുഴ | 181 | 312 | 1734 |
| 5 | കോട്ടയം | 71 | 135 | 1248 |
| 6 | ഇടുക്കി | 137 | 469 | 2086 |
| 7 | എറണാകുളം | 118 | 243 | 1398 |
| 8 | തൃശ്ശൂർ | 254 | 449 | 1771 |
| 9 | പാലക്കാട് | 296 | 1033 | 3329 |
| 10 | മലപ്പുറം | 408 | 639 | 3131 |
| 11 | കോഴിക്കോട് | 604 | 1414 | 3024 |
| 12 | വയനാട് | 450 | 947 | 2072 |
| 13 | കണ്ണൂർ | 365 | 852 | 2527 |
| 14 | കാസറഗോഡ് | 366 | 946 | 1938 |
| | **ആകെ** | **3762** | **8659** | **29054** |

| | | | |
|---|---|---|---|
| (ബി) | വീടുകൾ പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും 2015-16 വർഷം അധിക ധനസഹായമായി ഒരു ലക്ഷം രൂപ ക്രമത്തിൽ നൽകാനുള്ള തുക ലഭിച്ചിട്ടില്ലാത്തത് ഒരു പ്രധാന കാരണമാണ്. ഗുണഭോക്താക്കളുടെ വ്യക്തിപരമായ സാമ്പത്തിക പ്രശ്നങ്ങളും രോഗാവസ്ഥയും കാരണം പൂർത്തിയാകാത്ത വീടുകളും ഉണ്ട്. കൂടാതെ സംസ്ഥാന സർക്കാർ അധിക വിഹിതമായി 50,000/- രൂപ ക്രമത്തിൽ അനുവദിക്കേണ്ട തുക പൂർണ്ണമായും ലഭിക്കാത്തതും മറ്റൊരു കാരണമാണ്. |
| (സി) | പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും 2015-16 വർഷം അധിക ധന സഹായമായി ഒരു ലക്ഷം രൂപാ ക്രമത്തിൽ ലഭിക്കാനുള്ള തുകയ്ക്ക് ടി വകുപ്പുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വ്യക്തിപരമായ പ്രശ്നങ്ങളാൽ ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വീടുകൾ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക്/ജില്ലാതലത്തിൽ പൂർത്തീകരിക്കാനുള്ള എല്ലാ വീടുകളും പരിശോധിച്ച് നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ